LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. വിജയൻ: സർ, ഇപ്പോൾ പ്രസിദ്ധീകരിച്ച സാമ്പത്തിക-ജാതി സെൻസസ് വളരെയേറെ പരാതികൾക്കിടയാക്കിയിരിക്കുകയാണ്. അത് പരിഹരിക്കാൻ നീട്ടിക്കൊടുത്ത സമയവും മതിയാകില്ല എന്ന സ്ഥിതിയാണിപ്പോഴുള്ളത്. അതിനൊരു പരിഹാരമുണ്ടാകണം. എന്റെ ചോദ്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പ്രവാസി മലയാളി സെൻസസ് ഒന്നാം വോള്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് കുറ്റമറ്റതാക്കണമെങ്കിൽ എല്ലാ മേഖലകളുടേയും സഹകരണം അനിവാര്യമണ്. അടുത്ത കാലത്ത് ഇറാഖ് അംബാസിഡർ സൂചിപ്പിച്ചത് അവിടെ വരുന്ന മലയാളികളെക്കുറിച്ച് എംബസിയിൽ ഒരു കണക്കുമില്ല. ലേബർ ക്യാമ്പുകൾ പരിശോധിക്കുമ്പോഴാണ് അത് ബോദ്ധ്യപ്പെടുന്നത് എന്നാണ്. അപ്പോൾ അത് കുറ്റമറ്റ രീതിയിൽ അതിന്റെ രണ്ടാം ഭാഗം പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി പറഞ്ഞിട്ടുണ്ട്. ഈ അനലിറ്റിക്കൽ റിപ്പോർട്ട് സമയബന്ധിതമായി എപ്പോഴാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ഓരോ വീടുകളിലും പോയി വിവരം ശേഖരിച്ചാണ് നമ്മൾ സർവ്വെ നടത്തിയത്. എത്ര ആളുകൾ വിദേശത്തുണ്ട്; എവിടെ ജോലി ചെയ്യുന്നു എന്നുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്തത്. പലപ്പോഴും ഈ സർവ്വെയിൽ ചില ഏരിയകൾ പരാമർശിക്കാതെ പോകുന്നുണ്ട്. ഇറാഖിലെ പ്രശ്നം ശരിയാണ്. ഗൾഫിലെ ജയിലുകളിൽ കഴിയുന്നവരുടെ വിവരങ്ങൾ ഇന്ത്യൻ എംബസിയിലില്ല. എംബസി അറിയാതെ പലരും പോയിട്ടുണ്ട്. ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നു. ഇത് വളരെ ഗൗരവമായ ഒരു കാര്യംതന്നെയാണ്. കാരണം ഗവൺമെന്ററിയാതെ സ്വകാര്യ റിക്രൂട്ടിംഗ് ഏജന്റുമാർ മുഖേന, ആദ്യകാലംമുതൽ, ആളുകൾ പായ്കപ്പലുകളിൽ പോയിരുന്ന കാലം മുതൽ ആരംഭിച്ചതാണ്. അതിപ്പോഴും തുടരുന്നുമുണ്ട്. അതിന് നിയന്ത്രണമുണ്ടാകണം. കാരണം ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ അവിടേക്ക് പോകാനുള്ള സാധ്യതകൾ കുറയ്ക്കുകയാണ്. ഏതായാലും ഈ സർവ്വെ പൂർണ്ണമായും നടത്തി രണ്ടാം വോള്യം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുകൊണ്ടും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. കാരണം ഓരോ രാജ്യങ്ങളിലും ജോലി ചെയ്യുന്ന ആളുകളുടെ വിവരങ്ങൾ നമുക്ക് ലഭ്യമാകുന്നില്ല. അതാണ് നമുക്കുള്ള പരാധീനത. എയർപോർട്ടുകളിൽ ഇപ്പോൾ മടങ്ങിവരുന്നവരുടെ രജിസ്റ്റർ വച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

അന്യസംസ്ഥാനങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ

4 (*694) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പാലോട് രവി:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ,

(എ) ഉണ്ട്.

(ബി) നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുക, സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുക, പ്രവാസി മലയാളികളുടെ പരാതികൾ കേരള സർക്കാർ മുഖേന സമയബന്ധിതമായി അതത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് സാറ്റലൈറ്റ് ഓഫീസുകൾക്കുള്ളത്. പ്രവാസി മലയാളികൾ കൂടുതലുള്ള ചെന്നൈയിലും, ബറോഡയിലും, ബാംഗ്ലൂരിലും, ഹൈദരാബാദിലും സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഡൽഹിയിലും മുംബൈയിലും നോർക്ക ഡവലപ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) NRK ഇൻഷ്വറൻസ് കാർഡിന്റെ അപേക്ഷ സ്വീകരിക്കലും വിതരണവും, പ്രവാസിക്ഷേമ നിധിയിലേക്കുള്ള അപേക്ഷകളുടെ സ്വീകരിക്കൽ, നോർക്ക പദ്ധതികളുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിക്കുക, പ്രവാസി സംഘടനകളുമായി സംവേദനം നടത്തുക, പ്രവാസി മലയാളികളുടെ പരാതികൾക്ക് കേരള സർക്കാർ വഴി അതാത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം തേടുക, മാതൃ സംസ്ഥാനത്തെ സ്ഥാവരജംഗമസ്വത്തുക്കൾക്ക് സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളുടെ ഏകോപനവും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, പ്രവാസി സംഗമങ്ങൾ തുടങ്ങിയവയും സാറ്റലൈറ്റ് ഓഫീസുകൾ വഴി അനുസംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് സാറ്റലൈറ്റ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത്. തമിഴ്നാട്ടിലുള്ള ഓഫീസ് ചെന്നൈയിലെ കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷന്റെ ഓഫീസ് കെട്ടിടത്തിലും ഗുജറാത്തിലെ ഓഫീസ് കേരള സമാജത്തിന്റെ ഓഫീസ് കെട്ടിടത്തിലും ആന്ധ്രാപ്രദേശിലെ ഓഫീസ് മെട്രോ പാംഗ്രോവ് അപ്പാർട്ട്മെന്റ്, സോമജിഗുഡ ഇവ ഹൈദരാബാദിലും, കർണ്ണാടകത്തിലെ ഓഫീസ് ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ മറുനാടൻ മലയാളി അസോസിയേഷന്റെ (FAIMA)

LIBRARY ARCHIVES Kerala Legislative Assembly

ബാംഗ്ലൂർ അൽസൂരിൽ ഉള്ള എസ്.എൻ. സമിതിയുടെ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. മുംബൈ കേരളഹൗസിലും ഡൽഹിയിലെ ട്രാവൻകൂർ ഹൗസിലുമാണ് നോർക്ക ഡവലപ്മെന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ശക്തമായ മലയാളി സാന്നിദ്ധ്യമുള്ള പ്രദേശങ്ങളാണ്. ഈ സംസ്ഥാനങ്ങളിലെ അംഗീകൃത മലയാളി സംഘടനകളുടെ ലിസ്റ്റുകൾ നോർക്കയുടെ കൈവശമുണ്ടോ; ഇപ്പോൾ ഇറാഖിലുണ്ടായതുപോലെയുള്ള ഒരു അപകട സാഹചര്യമുണ്ടായാൽ, അന്യസംസ്ഥാനത്ത് ജോലിചെയ്യുന്ന നഴ്സുമാരടക്കമുള്ള ആളുകൾക്ക് എന്തെങ്കിലുമൊരു ക്രൈസിസ് സിറ്റുവേഷനുണ്ടായാൽ അത് മാനേജ് ചെയ്യാൻതക്കവണ്ണമുള്ള എന്തെങ്കിലും സംവിധാനം നോർക്കയുടെ പക്കലുണ്ടോ; അത് സാറ്റലൈറ്റ് പദ്ധതിവഴി ബന്ധിപ്പിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, പ്രവാസി മലയാളി സംഘടനകളുടെ ലിസ്റ്റ് നോർക്ക വകുപ്പിന്റെ കയ്യിലുണ്ട്. പക്ഷെ അത് പൂർണ്ണമായ ലിസ്റ്റല്ല. നമ്മുടെ പ്രശ്നം, ആറ് മലയാളികളുണ്ടെങ്കിൽ ഏഴ് സംഘടനകളുണ്ടാകും ഇതാണ് ഇപ്പോഴത്തെ അവസ്ഥ. സംഘടനകളുടെ ബാഹുല്യം ഒരു പ്രശ്നമാണ്. അന്യ രാജ്യങ്ങളിലെ സംഘടനകളെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കില്ല. എങ്കിലും പ്രധാനപ്പെട്ട സംഘടനകളുടെ പരമാവധി ലിസ്റ്റ് ശേഖരിച്ചിട്ടുണ്ട്. അവിടെ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവർ മുഖേനയാണ് ബന്ധപ്പെട്ട് പ്രവർത്തിച്ച് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, അങ്ങിപ്പോൾ പറഞ്ഞ ആറ് മലയാളികളുണ്ടെങ്കിൽ ഏഴ് സംഘടനകളുണ്ട് എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. മന്ത്രിമാരടക്കമുള്ള ആളുകൾ അന്യസംസ്ഥാനങ്ങളിലെ ഇത്തരം മലയാളി സംഘടനകളുടെ പരിപാടികൾക്ക് പോകുമ്പോൾ ഈ സംഘടനകൾക്ക് അംഗീകാരമുണ്ടോ അല്ലെങ്കിൽ നോർക്കയുമായി രജിസ്റ്റർ ചെയ്ത സംഘടനകളുടെ പരിപാടിയിൽ മാത്രം പങ്കെടുക്കാൻ പോകുമെന്ന തീരുമാനമെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങനെ നിയന്ത്രിക്കാൻ സാധിക്കില്ല. കാരണം നമ്മളെ എല്ലാപേരെയും ഓരോരുത്തർ ക്ഷണിക്കും. അതിൽ നമ്മുടെ സുഹൃത്തുക്കൾ കാണും. പ്രാദേശികമായ സംഘടനകൾ കാണും. അപ്പോൾ നമുക്ക് അങ്ങനെ നിയന്ത്രിക്കാൻ സാധിക്കില്ല. ഒരു ക്ഷണം അംഗീകരിക്കണമോ എന്നുള്ളത് നമ്മൾ ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. പാലോട് രവി: സർ, അന്യസംസ്ഥാനങ്ങളിൽ നോർക്കതന്നെ സാറ്റലൈറ്റ് ഓഫീസുകൾ തുടങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങയുടെതന്നെ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മലയാളം മിഷൻ, മലയാളം സർവ്വകലാശാല, നോർക്ക - ഈ മൂന്ന് സംഘടനകളേയും

LIBRARY ARCHIVES Kerala Legislative Assembly

സംയോജിപ്പിച്ചുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന മലയാളികളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കാനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, നോർക്ക വകുപ്പിന്റെ ഓഫീസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ മലയാളം മിഷന്റേയും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് പ്രധാനപ്പെട്ട സംസ്ഥാന തലസ്ഥാനങ്ങളിൽ ആ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, നോർക്കയുടെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടക്കുന്ന സന്ദർഭമാണിത്. മലയാളി നഴ്സുമാരെ തിരികെ കൊണ്ടുവരുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നോർക്ക വഹിച്ച പങ്കിനെ എല്ലാവരും പ്രശംസിച്ചിട്ടുണ്ട്. നോർക്കയുടെ പ്രവർത്തനത്തിനുവേണ്ടിയുള്ള സാമ്പത്തിക സഹായവും, പ്രവാസി ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; കേന്ദ്രത്തിൽനിന്നും കൂടുതൽ വിഹിതം കിട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ നമുക്കറിയാം പലപ്പോഴും പ്രവാസികൾക്കെതിരെ വരുന്ന കേസുകൾക്ക് വേണ്ടരീതിയിൽ പരിഹാരം കാണുന്നില്ല. ഇത്തരം കേസ്സുകൾ മോണിറ്ററിംഗ് ചെയ്യുന്നതിനുവേണ്ടി ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, പ്രവാസി ക്ഷേമനിധിക്ക് ഫണ്ട് വളരെ പരിമിതമാണ്. കോൺട്രിബ്യൂഷൻകൊണ്ടുമാത്രം കൊടുക്കാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് പാസ്പോർട്ടുമായി ബന്ധപ്പെട്ട് ഫണ്ട് സമാഹരിക്കുന്നുണ്ട്. വിദേശ ഇന്ത്യക്കാരുടേതുൾപ്പെടെ ഗണ്യമായ ഫണ്ട് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പക്കലുണ്ട്. വിദേശ മലയാളികളുടെ ഫണ്ട് നമുക്ക് അർഹതപ്പെട്ടതാണ്. ചോദിക്കുന്നുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് ഒരു ഫണ്ടും നൽകിയിട്ടില്ല. ഫണ്ട് ലഭിക്കാതെ പ്രവാസി ക്ഷേമപദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാൻ വലിയ പ്രയാസമാണ്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇറാഖിൽ നിന്ന് മടങ്ങിവന്ന മലയാളികൾക്ക് ചെറിയ സഹായം ചെയ്തുകൊടുക്കാൻ സാധിച്ചു. പക്ഷെ ഇപ്പോഴും മലയാളികളുടെ വലിയ പ്രവാഹമാണ്. ഒരു ഗവൺമെന്റിന് ധാരാളം പരിമിതികളുണ്ട്. ഏതായാലും വളരെ താത്പര്യപൂർവ്വം നിരവധി സന്നദ്ധ സംഘടനകൾ രംഗത്തുവന്ന് ജോലിയും സാമ്പത്തിക സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് കുറച്ച് മെച്ചമുണ്ടായിട്ടുണ്ട്. മടങ്ങി വരുന്ന പലരും വലിയ സാമ്പത്തിക പ്രയാസത്തിലുള്ളവരാണ്. വായ്പയെടുത്തും കടം വാങ്ങിയും പോയവരുണ്ട്. കൂടാതെ വിദ്യാഭ്യാസ വായ്പ എടുത്തവരുമുണ്ട്. അതൊരു സാമൂഹിക പ്രശ്നമാണ്. അവരെ സഹായിക്കാൻ സാധിക്കണം. അക്കാര്യം ഗവൺമെന്റിന്റെ ഗൗരവമായ പരിഗണനയിലുള്ള വിഷയമാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly